പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 4938 — 14.11.2019-ൽ മറുപടിക്ക്

## പാറ പുറമ്പോക്ക് കൈയ്യേറ്റത്തിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.പി.സജീന്ദ്രൻ | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരം പാറ പുറമ്പോക്ക് കൈയ്യേറ്റത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് തഹസിൽ ദാർക്ക് അധികാരമുണ്ടോ; എങ്കിൽ ഏത് സെക്ഷൻ പ്രകാരമാണ് പുറമ്പോക്കിൽ പാറ പൊട്ടിക്കുന്ന തിന് പിഴ ഈടാക്കുന്നത്; വ്യക്ത മാക്കുമോ; | (എ) കേരള ഭൂസംരക്ഷണ നിയമത്തിലെ വകുപ്പ് 15 പ്രകാരം പ്രസ്തുത ആക്ട് പ്രകാരം ജില്ലാ കളക്ടർക്ക് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗി ക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും തഹസീൽദാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഗസറ്റ് വിജ്ഞാപനം മുഖേന LRD4-18737/E7/റവന്യൂ തീയതി 01/10/1958 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള ഭൂസംരക്ഷണ നിയമം 1957 സെക്ഷൻ 6(2), 6(3) പ്രകാരം പാറ പുറമ്പോക്ക് കൈയ്യേറ്റത്തിനെതിരെ പിഴ ഈടാക്കുന്നതിന് തഹസീൽദാർക്ക് അധികാരമുണ്ട്. |
| (ബി) തഹസിൽദാരുടെ ഇക്കാര്യ ത്തിലുള്ള നടപടിക്രമത്തിനെ തിരെ അപ്പീൽ നൽകാമോ; എങ്കിൽ ആർക്കാണ് അപ്പീൽ നൽകേണ്ടത്; ബന്ധപ്പെട്ട സെക്ഷൻ ഉൾപ്പെടെ വിശദ മാക്കാമോ; | (ബി) തഹസീൽദാരുടെ ഇക്കാര്യത്തിലുള്ള നടപടി ക്രമത്തിനെതിരെ ഭൂസംരക്ഷണ നിയമം സെക്ഷൻ 16(1) (ബി) പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. |
| (സി) തഹസിൽദാരുടെ നടപടിയിൽ പിഴവ് ഉണ്ടെന്ന് വരുകിൽ തഹസിൽദാർക്ക് എതിരായി പോലീസ് കേസ്, പ്രോസിക്യൂഷൻ തുടങ്ങിയ നിയമ നടപടികൾ സ്വീകരിക്കാമോ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് 2017 -മുതൽ എത്ര കേസുകളിൽ സർക്കാർ പ്രോസി ക്യൂഷന് അനുമതി നൽകിയിട്ടുണ്ട്; വിശദ മാക്കാമോ ? | (സി) തഹസീൽദാരുടെ നടപടിയിൽ പിഴവ് ഉണ്ടെങ്കിൽ തഹസീൽദാർക്കെതിരെ പോലീസ് കേസ്, പ്രോസിക്യൂഷൻ തുടങ്ങിയ നടപടി സ്വീകരിക്കുന്നതിന് കെ.എൽ.സി ആക്ടിൽ വ്യവസ്ഥയില്ല. എന്നാൽ കെ.എൽ.സി നിയമ പ്രകാരം, ഉത്തര വാദിത്വം നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥൻ ഉത്തരവാദിത്വ നിർവ്വഹണത്തിൽ വീഴ്ച്ച വരുത്തിയാൽ, കേരള ഭൂസംരക്ഷണ നിയമത്തിലെ 2009-ലെ ഭേദഗതി നിയമം വകുപ്പ് 7(C) പ്രകാരം, ടി ഉദ്യോഗസ്ഥൻ 3 വർഷത്തിൽ കുറയാത്തതും 5 വർഷത്തിൽ കവിയാത്തതുമായ ജയിൽ വാസത്തിനും 50,000/- രൂപയിൽ കുറയാത്തതും എന്നാൽ 2 ലക്ഷം വരെ യാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടാൻ അർഹതയുള്ളതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**